കൂടാതെ സംസ്ഥാനത്തെ വിപണികളിൽനിന്ന് കൃഷിവകുപ്പ് ഉദ്യോസ്ഥരുടെകൂടി സേവനം ഉപയോഗപ്പെടുത്തി കൂടുതൽ പച്ചക്കറി സാമ്പിളുകൾ ശേഖരിക്കാനും ഇതിനകം നിർദ്ദേശം നൽകിയിട്ടുണ്ട്. ടി വിഷയവുമായി ബന്ധപ്പെട്ട് മറ്റ് സംസ്ഥാനങ്ങളിലെ സെക്രട്ടറിമാരുടെ ഒരു യോഗം 21-7-2015-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിളിച്ചുചേർക്കാൻ തീരുമാനിച്ചിട്ടുണ്ട്.

കറുപ്പന്തറ പി.എച്ച്.സി.യിൽ ഐ.പി. യൂണിറ്റ്

53 (2262) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോട്ടയം-കറുപ്പന്തറ പി.എച്ച്.സി. യിൽ ഐ. പി. യൂണിറ്റ് ആരംഭിക്കുന്നതു സംബന്ധിച്ച് ആരോഗ്യവകുപ്പ് പ്രൊപ്പോസൽ നൽകിയിട്ടുണ്ടോ ;

(ബി) ഇതുസംബന്ധിച്ച് 26-7-2012-ൽ സ്ഥലം എം.എൽ.എ. നൽകിയ ശിപാർശ കത്തിന്മേൽ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ ;

(സി) ഇതുസംബന്ധിച്ചുള്ള ആരോഗ്യവകുപ്പിലെ ഫയൽ നമ്പർ അറിയിക്കാമോ ; പ്രസ്തുത ഫയലിന്റെ ഇപ്പോഴത്തെ അവസ്ഥ വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ഐ.പി. യൂണിറ്റ് തുടങ്ങുന്നതിനാവശ്യമായ പ്രൊപ്പോസൽ ലഭ്യമാക്കാൻ ജില്ലാ മെഡിക്കൽ ഓഫീസർക്ക് ആരോഗ്യവകുപ്പ് ഡയറക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിലെ ഫയൽ നമ്പർ പി.എൽ.ബി.2-73118/12/ ആ.വ.ഡ. ആണ്. ഐ.പി. തുടങ്ങുന്നതിനാവശ്യമായ പ്രൊപ്പോസൽ സമർപ്പിക്കാൻ ജില്ലാ ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

കാൻസർരോഗം അതിവേഗം പടർന്നുപിടിക്കുന്ന സാഹചര്യം

54 (2263) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ചികിത്സാ ചെലവ് ഗണ്യമായി വർദ്ധിച്ചുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ജനങ്ങളുടെ ചികിത്സാ ചെലവ് കുറയ്ക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചു വിശദീകരിക്കാമോ ;

(സി) പ്രാഥമികാരോഗ്യരംഗം ശക്തിപ്പെടുത്തുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു ; വ്യക്തമാക്കാമോ ;

(ഡി) സംസ്ഥാനത്ത് ക്യാൻസർരോഗം അതിവേഗം പടർന്നുപിടിക്കുന്ന സാഹചര്യം അതിജീവിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ;

(ഇ) ക്യാൻസർ രോഗബാധിതർക്കായി എന്തെല്ലാം സൗകര്യങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത് ; വ്യക്തമാക്കാമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളിലെത്തുന്ന ബി.പി.എൽ. വിഭാഗം രോഗികൾക്ക് ചികിത്സ പൂർണ്ണമായും സൗജന്യമായും എ.പി.എൽ. വിഭാഗം രോഗികൾക്ക് നാമമാത്രമായ ഉക മാത്രം ഫീസീടാക്കിയും മികച്ച ചികിത്സ നൽകിവരുന്നു. കൂടാതെ സർക്കാരിന്റെ വിവിധ ചികിത്സാ പദ്ധതികളായ ആർ.എസ്.ബി.വൈ., കാരുണ്യ ബെനവലന്റ് ഫണ്ട്, ക്യാൻസർ സുരക്ഷാ പദ്ധതി, സുകൃതം തുടങ്ങിയവയിൽ ഉൾപ്പെടുത്തിയും രോഗികൾക്ക് സൗജന്യ ചികിത്സ നൽകിവരുന്നുണ്ട്.

വാർഷിക വരുമാനം മൂന്ന് ലക്ഷം രൂപവരെയുള്ള രോഗികൾക്ക് ആരോഗ്യ വകുപ്പിൽനിന്നും ചികിത്സാ ധനസഹായം നൽകുന്നതിനായി സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റൻസ് ടു ദി പൂവർ എന്ന പദ്ധതി നിലവിലുണ്ട്. സംസ്ഥാന സർക്കാർ വാർഷിക ബഡ്ജറ്റിൽ വകയിരുത്തുന്ന ഫണ്ടുപയോഗിച്ച് ക്യാൻസർ രോഗികൾക്കും വൃക്കരോഗം, ഹൃദ്രോഗം, മസ്തിഷ്ക രോഗം, കരൾരോഗം മുതലായ രോഗങ്ങൾമൂലം പ്രയാസപ്പെടുന്ന രോഗികൾക്ക് സൊസൈറ്റിയുടെ അംഗീകൃത ആശുപത്രികളിലെ ചികിത്സകൾക്കും ശസ്ത്രക്രിയകൾക്കും അടിയന്തരമായി സാമ്പത്തിക സഹായം നൽകുകയാണ് സൊസൈറ്റിയുടെ ലക്ഷ്യം.

ആരോഗ്യവകുപ്പുമന്ത്രിയുടെ ക്ഷേമനിധിയിൽനിന്നും 3 ലക്ഷം രൂപവരെ വാർഷിക വരുമാനമുള്ളവർക്ക് മാരകമല്ലാത്തതും എസ്.എം.എ.പി. പദ്ധതിയിലുൾപ്പെടാത്ത മാരകമായ രോഗങ്ങൾക്കും പരമാവധി 2000 രൂപ ചികിത്സാധനസഹായം അനുവദിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ആർ.എസ്.ബി.വൈ-സി.എച്ച്.ഐ.എസ്. എന്ന ഇൻഷ്വറൻസ് പദ്ധതിവഴി 30,000 രൂപവരെയും സി.എച്ച്.ഐ.എസ്. പ്ലസ് വഴി 70,000 രൂപ വരെയും രോഗികൾക്ക് സൗജന്യ ചികിത്സാസഹായം നൽകുന്നുണ്ട്. ജനറിക് മരുന്നുകൾ ആശുപത്രിയിൽ സൗജന്യമായാണ് നൽകുന്നത്.

(സി) ജീവിതശൈലി രോഗങ്ങൾ സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന സാഹചര്യം കണക്കിലെടുത്ത് സംസ്ഥാന ആരോഗ്യവകുപ്പ് അമൃതം ആരോഗ്യം എന്ന പേരിൽ സംസ്ഥാന ജീവിതശൈലി രോഗനിയന്ത്രണ പദ്ധതി ആരംഭിച്ചിട്ടുണ്ട്. ഇതിൽ ഊന്നൽ നൽകിയിരിക്കുന്നത് പ്രാഥമികാരോഗ്യരംഗത്തെ പ്രധാന സ്ഥാപനങ്ങളായ സാമൂഹികാരോഗ്യകേന്ദ്രം, പ്രാഥമികാരോഗ്യകേന്ദ്രം, കുടുംബക്ഷേമ ഉപകേന്ദ്രം എന്നിവയെ ശക്തിപ്പെടുത്തിക്കൊണ്ട് പ്രസ്തുത കേന്ദ്രങ്ങളിലെല്ലാം ജീവിതശൈലി രോഗനിർണ്ണയ ക്ലിനിക്കുകൾ ആരംഭിക്കുകയും 30 വയസ്സിന് മുകളിൽ പ്രായമായവരെ ജീവിതശൈലി രോഗങ്ങൾക്കായി സ്ക്രീനിംഗ് നടത്തി രോഗബാധിതരെ കണ്ടെത്തുകയും ചികിത്സയും മരുന്നും സൗജന്യമായി നൽകിവരികയും ചെയ്യുന്നു. ഇതിനുപുറമെ ആരോഗ്യബോധവത്കരണവും പരിശീലനങ്ങളും പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ കേന്ദ്രീകരിച്ച് നടപ്പിലാക്കിവരുന്നു.

(ഡി) സംസ്ഥാനത്ത് ക്യാൻസർ രോഗനിയന്ത്രണത്തിനായി നിരവധി പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ആർ.സി.സി.യുടെ ആഭിമുഖ്യത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സന്നദ്ധസംഘടനകൾ, റസിഡന്റ്സ് അസോസിയേഷനുകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങിയവയുമായി സഹകരിച്ച് സംസ്ഥാനത്തൊട്ടാകെ ക്യാൻസർ ബോധനക്ലാസ്സുകളും ക്യാൻസർ നിർണ്ണയ ക്യാമ്പുകളും സംഘടിപ്പിച്ചു വരുന്നു. കൊല്ലം, എറണാകുളം, പാലക്കാട്, കണ്ണൂർ, പത്തനംതിട്ട എന്നീ സ്ഥലങ്ങളിൽ ആർ.സി.സി.യുടെ ഉപകേന്ദ്രങ്ങളുടെ ആഭിമുഖ്യത്തിലും ഇത്തരം പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്.

കുടുംബശ്രീയും ആർ.സി.സി.യും സംയുക്തമായി നടപ്പാക്കുന്ന 'സ്വാസ്ഥ്യം' പദ്ധതിപ്രകാരം കേരളത്തിലുടനീളം ക്യാൻസർ ബോധവത്കരണം, മുൻകൂർ രോഗനിർണ്ണയ പരിശോധനകൾ എന്നിവ നടപ്പിലാക്കാൻ കഴിയും.

(ഇ) ക്യാൻസർ രോഗബാധിതർക്കായി നടപ്പിലാക്കിയിട്ടുള്ള ക്ഷേമപദ്ധതികൾ ചുവടെ ചേർക്കുന്നു :

1. ക്യാൻസർ സുരക്ഷ : 18 വയസ്സുവരെയുള്ള ക്യാൻസർ ബാധിതരായിട്ടുള്ള കുട്ടികൾക്ക് ക്യാൻസർ ചികിത്സ എ.പി.എൽ, ബി.പി.എൽ. ബാധകമല്ലാതെ പൂർണ്ണമായും സൗജന്യമായി നൽകുന്നതാണ് ഈ പദ്ധതി.

LIBRARY ARCHIVES Kerala Legislative Assembly

2. താലോലം : 18 വയസ്സിനുതാഴെയുള്ള കുട്ടികൾക്ക് ക്യാൻസർ അല്ലാത്ത എന്നാൽ ക്യാൻസർ ചികിത്സപോലെ ചെലവേറിയ ചികിത്സകൾക്ക് 50,000 രൂപ വരെയുള്ള സൗജന്യ ചികിത്സ ഈ പദ്ധതി പ്രകാരം ലഭ്യമാകും.

3. പട്ടിക വർഗ്ഗക്കാർക്ക് സൗജന്യ ക്യാൻസർ ചികിത്സ നൽകി വരുന്നുണ്ട്.

4. എൻഡോസൾഫാൻ ബാധിതർക്കായുള്ള സ്നേഹസാന്ത്വനം സൗജന്യ ചികിത്സാപദ്ധതി

5. സമഗ്ര ആരോഗ്യ ഇൻഷ്വറൻസിന്റെ ചിസ്സ് പ്ലസ്സ്- ഇതു പ്രകാരം 70,000 രൂപ വരെ ചികിത്സാസഹായം ലഭിക്കും.

6. കാരുണ്യ ബെനവലന്റ് ഫണ്ട് : ഈ പദ്ധതി പ്രകാരം 3 ലക്ഷം രൂപവരെ വാർഷിക വരുമാനമുള്ള ക്യാൻസർ രോഗികൾക്ക് 2 ലക്ഷം രൂപവരെ ചികിത്സാ സഹായം ലഭിക്കും.

7. ക്യാൻസർ രോഗികൾക്ക് 1000 രൂപ പ്രതിമാസ പെൻഷൻ സംസ്ഥാന സർക്കാർ അനുവദിക്കുന്നുണ്ട്.

8. പട്ടികജാതി വികസന വകുപ്പിൽനിന്നും പട്ടികജാതിയിൽപ്പെട്ട ക്യാൻസർ രോഗികൾക്ക് ധനസഹായം നൽകുന്നു.

9. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും ക്യാൻസർ രോഗികൾക്ക് ധനസഹായം നൽകുന്നു.

10. ആരോഗ്യവകുപ്പിന്റെകീഴിലുള്ള "Society for Poor"എന്ന പദ്ധതി പ്രകാരം ചികിത്സാസഹായം നൽകിവരുന്നു.

11. സുകൃതം : ബി.പി.എൽ. വിഭാഗത്തിലുള്ള ക്യാൻസർ രോഗികൾക്ക് മൂന്ന് ലക്ഷം രൂപവരെയുള്ള ചികിത്സ സൗജന്യമായി നൽകുന്നു.

വിഷലിപ്തമായ ഭക്ഷണ പാനീയങ്ങൾ

55 (2264) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിപണനം ചെയ്യുന്ന ഭക്ഷണ പാനീയങ്ങളിൽ വ്യാപകമായ തരത്തിൽ മായം ചേരുന്നതായും കീടനാശിനികൾ അമിതമായി ഉപയോഗിക്ക പ്പെടുന്നവയുമാണെന്ന വസ്തുത ഗൗരവമായി കാണുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly